**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 238** **07-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; | (എ) | കോടതി വ്യവഹാരങ്ങളെ തുടർന്ന് നിയമനങ്ങൾക്ക് തടസമുണ്ടായിരുന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ വിഭാഗത്തിൽ 61 -ഉം നോൺ ക്ലിനിക്കൽ വിഭാഗത്തിൽ 10 -ഉം ഉൾപ്പെടെ ആകെ 71 ഡോക്ടർ തസ്തികകളിൽ ഒഴിവുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ക്ലിനിക്കൽ/ നോൺ ക്ലിനിക്കൽ വിഭാഗത്തിലെ ഡോക്ടർമാരുടെ പ്രൊഫസർ തസ്തികകളിലേയ്ക്കും അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും, കോടതി വിധിക്ക് വിധേയമായി, താത്കാലിക സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേയ്ക്ക് പി.എസ്.സി. -യിൽ നിന്നും നിയമന ശിപാർശ ലഭിച്ച 5 പേർക്ക് നിയമന ഉത്തരവ് നല്കിയിട്ടുണ്ട്. ബാക്കി ഒഴിവുകളിൽ പി.എസ്സ്.സി. -യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്നതുവരെ സീനിയർ റസിഡന്റുമാരെ നിയമിച്ച് ഒഴിവുകൾ താത്കാലികമായി നികത്തിയിട്ടുണ്ട്. കൂടാതെ നോൺ ക്ലിനിക്കൽ വിഭാഗത്തിൽ 8 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (സി) | ബി പിരിവിന് നൽകിയ പ്രകാരം. |

സെക്ഷൻ ഓഫീസർ